I ഇ.ബി. XIII – കേരള നിയമസഭ/VI - 2

**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ഡിസംബർ 11, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

**സുഖ്ദേവ് സിംഗ് കാങ്, കെ. പങ്കജാക്ഷൻ, എൻ. രാമകൃഷ്ണൻ, പി. ഗോവിന്ദപ്പിള്ള, ആർ പ്രകാശം, എ. അലി ഹസ്സൻ, പി.വി. വർഗ്ഗീസ് വൈദ്യർ, കെ.ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്, കെ.പി. രാഘവ പൊതുവാൾ, കെ.എസ്. കൃഷ്ണശാസ്ത്രി എന്നിവരുടെ നിര്യാണം**

മുൻ കേരള ഗവർണ്ണർ സുഖ്ദേവ് സിംഗ് കാങ്, മന്ത്രിമാരായിരുന്ന കെ. പങ്കജാക്ഷൻ, എൻ. രാമകൃഷ്ണൻ, കേരള നിയമസഭാംഗങ്ങളായിരുന്ന പി. ഗോവിന്ദപ്പിള്ള, ആർ പ്രകാശം, എ. അലി ഹസ്സൻ, പി.വി. വർഗ്ഗീസ് വൈദ്യർ, കെ.ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്, കെ.പി. രാഘവപൊതുവാൾ, തിരു-കൊച്ചി നിയമസഭാംഗമായിരുന്ന കെ.എസ്. കൃഷ്ണശാസ്ത്രി

എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**അടിയന്തിര പ്രമേയം**

രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തൽ

മി. സ്പീക്കർ: രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഭരണസംവിധാനം ദുരുപയോഗപ്പെടുത്തി കള്ളക്കേസുകൾ കെട്ടിച്ചമയ്ക്കുകയും യു.ഡി.എഫ്. നേതാക്കന്മാർക്കും മന്ത്രിമാർക്കുമെതിരെയുള്ള കേസുകൾ പിൻവലിക്കാൻ നടപടികളെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): യു.ഡി.എഫ്. നേതാക്കൻമാർക്കും മന്ത്രിമാർക്കുമെതിരെയുള്ള വിജിലൻസ് കേസ്സുകളെ സംബന്ധിച്ചും ക്രിമിനൽ കേസ്സുകളിൽ പ്രതികളെ മുൻകൂട്ടി നിശ്ചയിച്ച് രാഷ്ട്രീയ മുതലെടുപ്പു നടത്തുന്ന അപകടകരമായ സാഹചര്യത്തെക്കുറിച്ചും ഭൂമി ദാനക്കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാരിനെതിരെ ഉയർന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കും അഴിമതിക്കുമെതിരെ പൊരുതുന്ന പ്രതിപക്ഷ നേതാക്കൾക്കെതിരെ വിജിലൻസിനേയും പോലീസിനേയും ഈ ഗവൺമെന്റ് ഉപയോഗിക്കുകയാണ്. വിമുക്തഭടൻ എന്ന നിലയ്ക്ക് 1977-ൽ യു.ഡി.എഫ്. ഗവൺമെന്റാണ് ടി.കെ. സോമന് ഭൂമി നൽകിയത്. അദ്ദേഹം മുഖ്യമന്ത്രിയെ സമീപിക്കുമ്പോൾ 1977-ൽ അനുവദിക്കപ്പെട്ടതിന്റെ പകരം ഭൂമി ആണെന്ന് കരുതി ഇളവ് അനുവദിക്കാൻ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചെങ്കിൽ അത് സത്യസന്ധതയല്ല എന്നാണ് ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. പകരം ഭൂമി നൽകാൻ തീരുമാനിച്ചത് 26-11-2009-ൽ കാസർകോട് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റിയാണ്. അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ഇളവ് കൊടുത്തുകൊണ്ടുള്ള ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഇപ്പോഴത്തെ കോടതി വിധിക്കെതിരെ ക്രമവിരുദ്ധമായിട്ടാണ് സർക്കാർ അപ്പീൽ നടപടികൾ സ്വീകരിച്ചത്. രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ഇടതുമുന്നണി നേതാക്കളെ പീഡിപ്പിക്കുന്ന സമീപനം സ്വീകരിക്കുന്ന സർക്കാർ യു.ഡി.എഫ്. നേതാക്കളുടെ പേരിലുള്ള കേസ്സുകൾ കണ്ടില്ലെന്ന് നടിക്കുകയാണ്. വർഷങ്ങൾക്ക് മുമ്പുള്ള കേസ്സുകളിൽ തുടരന്വേഷണം നടത്തുന്നതിനുള്ള സർക്കാരിന്റെ തീരുമാനം ന്യായീകരിക്കാനാവില്ല. വിലക്കയറ്റത്തിനും നിയമന നിരോധനത്തിനുമെതിരെ പോരാടുന്നവരെ ജയിലിലടയ്ക്കുന്ന സമീപനം അപലപനീയമാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ.തിരുവഞ്ചൂർ രാധാ കൃഷ്ണൻ</u>) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഹൈക്കോടതിയിൽ

കൊടുത്ത കേസ്സിന് പ്രയോർ ആയി കൊടുത്ത രണ്ടു കേസ്സുകളും സിംഗിൾ ബെഞ്ച് തള്ളിയ സാഹചര്യത്തിലാണ് ഗവൺമെന്റ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തത്. വ്യാജ പരാതി വാങ്ങി അതിനെതിരെ വിജിലൻസ് അന്വേഷണം നടത്തുകയല്ല ഗവൺമെന്റ് ചെയ്യുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിലെ നിരവധി മന്ത്രിമാർക്കെതിരെയും പ്രമുഖ നേതാക്കൾക്കെ തിരെയും ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവി ടുകയും വിജിലൻസിനെ രാഷ്ട്രീയ ആയുധമാക്കുകയും ചെയ്തത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : 500 കോടി രൂപയുടെ സൈൻ ബോർഡ് അഴിമതിയുമായി ബന്ധപ്പെട്ട് ഒരു രൂപയുടെ പോലും നഷ്ടം ഗവൺമെന്റിന് ഉണ്ടായിട്ടില്ല. വെറും സാങ്കേതികത്വം മാത്രം പറഞ്ഞ് എടുത്ത പ്രസ്തുത കേസ് പിൻവലിച്ചതിനെതിരെയാണ് ടി.എം. ജേക്കബ് അഴിമതി ആരോപിച്ചത്. ഞാൻ എടുക്കുന്ന തീരുമാനം എങ്ങനെ എന്നെ ബാധിക്കു മെന്ന് നോക്കിയല്ല, മറിച്ച് മനസ്സാക്ഷി അനുസരിച്ച് ശരിയോ തെറ്റോ എന്ന് നോക്കിയാണ് നടപടി സ്വീകരിക്കുന്നത്. എം.എം. മണിക്കെതിരെ നിയമ പരമായി നടപടി സ്വീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കുന്നതിൽ എന്തെങ്കിലും പോരായ്മയോ വീഴ്ചയോ വന്നിട്ടുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കും. രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്നു എന്ന നിലയിലുള്ള ആക്ഷേപം ഉന്നയിക്കുന്നത് നിർഭാഗ്യകരമാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ചെയർമാന്മാരുടെ പാനൽ**

സർവ്വശ്രീ ടി.എൻ. പ്രതാപൻ, വി.എസ്. സുനിൽ കുമാർ, സി. മമ്മൂട്ടി എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളന കാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**ശ്രദ്ധ ക്ഷണിക്കൽ**

**1. കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. എം. ചന്ദ്രൻ: കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചുവരുന്ന തെറ്റായ നയങ്ങളുടെ ഫലമായി കൊപ്രയുടെയും പച്ചത്തേങ്ങയുടെയും നാമമാത്രമായ സംഭരണമാണ് കേരളത്തിൽ നടക്കുന്നത്. കേരകർഷകർക്ക് ലഭിക്കുന്ന വരുമാനം ഉല്പാദനച്ചെലവിനേക്കാൾ കുറാവായതിനാൽ നാളികേരോൽപ്പാദനം കുറഞ്ഞു വരികയാണ്. പാമോയിൽ ഇറക്കുമതി ചെയ്ത് സബ്സിഡിയോടുകൂടി വിൽപന നടത്തുന്നതുമൂലം വെളിച്ചെണ്ണയുടെ വിലയിടിഞ്ഞുകൊണ്ടിരിക്കുന്നു. കേരകർഷകരെയും കേരവൃക്ഷങ്ങളെയും സംരക്ഷിക്കാനും പച്ചത്തേങ്ങയുടെയും കൊപ്രയുടെയും താങ്ങുവില വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): നാളികേരത്തിന്റെ വിലയിടിവിൽനിന്നും കേരകർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്രസംഭരണം നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം 2012-ൽ ഒരു ക്വിന്റൽ മില്ലിംഗ് കൊപ്രയ്ക്ക് 5100 രൂപയും ഉണ്ട കൊപ്രയ്ക്ക് 5300 രൂപയും പൊതിച്ച നാളികേരത്തിന് 1400 രൂപയും നൽകി സംഭരണം നടത്തിവരികയാണ്. കേരഫെഡ് 102 സംഘങ്ങൾ മുഖേന 9646 ടൺ മില്ലിംഗ് കൊപ്രയും 195 ടൺ ഉണ്ടക്കൊപ്രയും സംഭരിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : കൃഷിക്കാരിൽനിന്ന് സംഭരിച്ച നെല്ലിന്റെ വില അടിയന്തിരമായി കൊടുക്കണം. പാമോയിലിന് നൽകുന്ന സബ്സിഡി വെളിച്ചെണ്ണയ്ക്ക് നൽകണം.

ശ്രീ. കെ. പി. മോഹനൻ : താങ്ങുവില പദ്ധതി പ്രകാരം കർഷകർക്ക് കൊപ്ര സംഭരണത്തിനാവശ്യമായ സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. സഹകരണസംഘങ്ങളെയും കേരഫെഡ്, മാർക്കറ്റ്ഫെഡ്, കൃഷി-തുറമുഖ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി നടത്തിയ മേഖലാ യോഗങ്ങളിൽ ചാക്കിന് 27 രൂപ വച്ച് കൊടുക്കുന്നതിന് എടുത്ത തീരുമാനത്തിൽ നിന്നും 10 രൂപകൂടി അധികമായിട്ട് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊപ്ര സംഭരിക്കുന്ന ഏജൻസികൾക്ക് 500 രൂപ ഇൻസെന്റീവ് കൊടുക്കാനും ഉത്തരവായിട്ടുണ്ട്. കേരഫെഡ് പച്ച തേങ്ങ സംഭരിച്ച് ഉണക്കി നാഫെഡിന് കൈമാറിയിരുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. കൃഷിഭവനുകൾക്ക് രണ്ട് ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കൊടുത്തുകൊണ്ട് പച്ചത്തേങ്ങ സംഭരണത്തിന് ഡിസംബർ മാസം അവസാനത്തോടെ തുടക്കം

കുറിക്കും. കേരകർഷകർ ഉല്പാദിപ്പിക്കുന്ന തേങ്ങ സംഭരിക്കാനുള്ള നടപടിയുടെ ഭാഗമായി 21 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ജനുവരിയിൽ നാളികേരത്തിന്റെ താങ്ങുവില പുതുക്കിനിശ്ചയിക്കാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. പുതിയ സംരംഭകർക്കുവേണ്ടി നാളികേരത്തിന്റെ വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളുണ്ടാക്കുന്ന കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. 'നീര' പുറത്ത് ഇറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച വില കർഷകന് കിട്ടിയാൽ ഒരു തേങ്ങയ്ക്ക് ആറര മുതൽ ഏഴ് രൂപവരെ ലഭിക്കും. തേങ്ങ കൊപ്രയാക്കാനുള്ള സംവിധാനം അപര്യാപ്തമായതിനാൽ പച്ചതേങ്ങ സംഭരിച്ചാൽ മാത്രമേ കർഷകന് വില കിട്ടുകയുള്ളു. അതിനാൽ തേങ്ങ സംഭരിക്കുന്ന സൊസൈറ്റികൾക്ക് കിന്റലിന് 500 രൂപ വച്ച് നൽകുന്നതാണ്. കൂടാതെ കൊപ്ര ഉണക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ സൊസൈറ്റികളെ പരമാവധി പ്രോൽസാഹിപ്പിക്കും. കേന്ദ്ര ഗവൺമെന്റ് നബാർഡ് വഴി അതിനുള്ള മുഴുവൻ ചെലവും വഹിക്കുന്നതാണ്. നിലവിലുള്ള സംഭരണ വില കൂട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വെളിച്ചണ്ണയ്ക്ക് സബ്സിഡി നൽകണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ മുമ്പിൽ വച്ചിട്ടുണ്ട്.

## (2) മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണവും അടിസ്ഥാന സൗകര്യവികസനവും

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : സംസ്ഥാനത്തെ അര ലക്ഷത്തോളം വരുന്ന മൽസ്യത്തൊഴിലാളികൾക്ക് ഭവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും

ലഭ്യമായിട്ടില്ല. തീരദേശ നിയന്ത്രണ നിയമം തീരദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. യു.ഡി.എഫ്. സർക്കാർ മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിച്ചതും ടോയ്ലെറ്റ് നിർമ്മാണത്തിന് ഗ്രാന്റ് നൽകുന്ന പദ്ധതിയുണ്ടാക്കിയതും ആശ്വാസകരമാണ്. തീരദേശ വികസന കോർപ്പറേഷൻ വഴി സമഗ്രമായ ഭവനനിർമ്മാണ പദ്ധതി ഉണ്ടാക്കേണ്ടതുണ്ട്. സ്ഥല ദൗർലഭ്യമുള്ളതിനാൽ ഫ്ളാറ്റുകൾ നിർമ്മിക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നതോടൊപ്പം തീരദേശ നിവാസികൾക്ക് കുടിവെള്ളം ലഭ്യമാകുന്ന രീതിയിൽ പദ്ധതി റീ ഡിസൈൻ ചെയ്യാനും സഞ്ചാരയോഗ്യമായ റോഡുകളുണ്ടാക്കാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം. മൽസ്യത്തൊഴിലാളികളെക്കുറിച്ച് ഒരു സമഗ്ര പഠനവും അത്യാവശ്യമാണ്.

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സംസ്ഥാനത്തെ 335 മൽസ്യഗ്രാമങ്ങളിലായി 11 ലക്ഷം മൽസ്യത്തൊഴിലാളികൾ അധിവസിക്കുന്നുണ്ട്. ദേശീയ മൽസ്യ ഉല്പാദനത്തിന്റെ 20 ശതമാനം കേരളത്തിന്റെ സംഭാവനയാണ്. പ്രതിവർഷം 1200 കോടി രൂപയുടെ മൽസ്യം കയറ്റുമതി ചെയ്യുകയും 600 കോടി രൂപയുടെ മൽസ്യം സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുകയും ചെയ്യുന്നുണ്ട്. സംസ്ഥാന പുരോഗതിയുടെ ആനുപാതിക വികസനം മൽസ്യത്തൊഴിലാളി മേഖലയിൽ ഉണ്ടായിട്ടില്ല. 22 ശതമാനം മൽസ്യത്തൊഴിലാളികൾ ഇന്നും ഭൂരഹിതരും ഭവനരഹിതരുമാണ്. ശുദ്ധമായ കുടിവെള്ളം ടോയ്ലെറ്റ് സൗകര്യങ്ങളുടെ കുറവ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. മൽസ്യത്തൊഴിലാളികളുടെ ക്ഷേമ

ത്തിനായി ഫിഷറീസ് വകുപ്പ് 3000 കോടി രൂപയുടെ ഒരു സമഗ്ര പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 650 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 32 മൽസ്യഗ്രാമങ്ങളെ മാതൃക മൽസ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 70 മൽസ്യഗ്രാമങ്ങളെ സംയോജിത മൽസ്യഗ്രാമ വികസന പദ്ധതി പ്രകാരം വികസിപ്പിക്കുന്നതിന്റെ ഭാഗമായി 12,000 പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതാണ്. മാതൃകാ മൽസ്യഗ്രാമങ്ങളിൽ രണ്ടര ലക്ഷം രുപയാണ് ഒരു വീടിന് നൽകുന്നത്. കൂടാതെ ഇപ്പോൾ പതിനായിരം ടോയ്‌ലെറ്റുകൾ നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. 20 ഫിഷർമെൻ യൂട്ടിലിറ്റി സെന്ററുകൾ, 25 മെന്റിംഗ് യാർഡുകൾ, 77 കുടിവെള്ള വിതരണ പദ്ധതികൾ, 102 മത്സ്യഗ്രാമങ്ങളുടെ വൈദ്യുതീകരണം, 32 തീരദേശ സ്കൂളുകളുടെ പുനരുദ്ധാരണം, 30 തീരദേശ ആശുപത്രികളുടെ നവീകരണം, 160 ഹൈമാസ്ക് ലൈറ്റുകൾ, 82 ഫിഷറീസ് റോഡുകളുടെ നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പതിമൂന്നാം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം 200 കോടി രൂപയുടെ ധനസഹായം ലഭ്യമാകുന്നതാണ്. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നബാർഡിൽ നിന്ന് 200 കോടി രൂപ ലഭ്യമാക്കാൻ ധാരണയായിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി 150 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു. മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 50 കോടി രൂപ എൻ.എഫ്.ഡി.ബി.-യിൽനിന്ന് ലഭിക്കുന്നതാണ്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 മത്സ്യഗ്രാമങ്ങൾക്കായി 50 കോടി രൂപ വകയിരു

ത്തിയിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശ വികസന കോർപ്പറേഷൻ വഴി ഈ വികസനപദ്ധതികൾ നടപ്പാക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപം നൽകുന്ന സമഗ്ര വികസന പദ്ധതികളെല്ലാം അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കോസ്റ്റൽ ഏരിയയിലെ റോഡുകളുടെ വികസനത്തിനായി 55 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഹാർബറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തലായി ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച സമഗ്ര സർവ്വെ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**സബ്മിഷൻ**

(1) <u>മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ഇടുക്കി ജില്ലയെ അതീവ പരിസ്ഥിതിലോല മേഖലയായി സോൺ-1-ൽപ്പെടുത്തിയത് ശാസ്ത്രീയപഠനം നടത്താതെയും സ്ഥലം സന്ദർശിക്കാതെയും ജനപ്രതിനിധികളുമായോ കർഷസംഘടനകളുമായോ ചർച്ചകൾ നടത്താതെയുമാണ്. ഈ റിപ്പോർട്ട് അംഗീകരിക്കപ്പെട്ടാൽ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നു മാത്രമല്ല കാർഷിക മേഖലയുടെ തകർച്ചയ്ക്കും കാരണമാകും. ഈ പ്രദേശത്തിന്റെ ചരിത്രമറിയാതെയും ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള അവകാശങ്ങൾ

പരിശോധിക്കാതെയും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാ യാതെയും സോൺ-1 -ൽ വരുന്ന ഭൂമിയെല്ലാം വനഭൂമിയാണെന്നുള്ള ഈ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മാധവ് ഗാഡ്ഗിൽ സമിതിയുടെ ശുപാർശകൾ യാഥാർത്ഥ്യബോധമില്ലാത്തതും എല്ലാ പരിധികളും ലംഘിക്കു ന്നതുമാണ്. പശ്ചിമഘട്ടം കടന്നുപോകുന്ന കേരളം ഉൾപ്പെടെയുള്ള ആറ് സംസ്ഥാനങ്ങളും ഈ ശുപാർശകളെ ശക്തമായി എതിർത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ കേരളം ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യണമെന്ന നിർദ്ദേശം സ്വീകാര്യമാണ്.

## (2) തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽവേ കോറിഡോർ പദ്ധതി

ശ്രീ. മോൻസ് ജോസഫ്: തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽവേ കോറിഡോർ പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്നും പദ്ധതി നടത്തിപ്പിന് 1,18,000 കോടി രൂപ വായ്പയെടുക്കുന്നത് കേരളത്തെ കടക്കെ ണിയിലാക്കുമെന്നുമുള്ള ആശങ്കയുടെ അടിസ്ഥാനത്തിൽ എം.പി./ എം.എൽ.എ. തലത്തിൽ ചർച്ചകൾ നടത്തി. പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താനും ജനങ്ങൾക്ക് ദ്രോഹമുണ്ടാകാത്ത രീതിയിൽ ഇത് നടപ്പാക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അതിവേഗ റെയിൽപ്പാത കടന്നു പോകുന്ന സ്ഥലങ്ങളിലെ എം.പി.മാരെയും എം.എൽ.എ.മാരെയും ഇന്ന്

ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. 10-02-2010-ൽ കൂടിയ മന്ത്രിസഭായോഗം അംഗീകാരം നൽകിയ 527 കിലോമീറ്റർ നീളം വരുന്ന അതിവേഗ റെയിൽപ്പാതയ്ക്ക് 1,18,000 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെയുള്ള യാത്രാസമയം മൂന്ന് മണിക്കൂറാക്കി കുറയ്ക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഇതിനായി 794 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ടണൽ വഴിയും ബാക്കിയുള്ള സ്ഥലങ്ങളിൽ തൂണിൽക്കൂടിയും ജലാശയങ്ങളിൽ പാലത്തിൽക്കൂടിയും ട്രാക്ക് പോകുന്നതുകൊണ്ട് കുടിയൊഴിപ്പിക്കൽ പരമാവധി കുറവായിരിക്കും. ഇതുസംബന്ധിച്ച് ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്ക അകറ്റിക്കൊണ്ടു മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകുകയുള്ളൂ.

### (3) ഡിസംബർ 24 പൊതു അവധിയായി പ്രഖ്യാപിക്കൽ

ശ്രീ. ആർ. സെൽവരാജ്: ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 24 പൊതു അവധിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഏറ്റവും കൂടുതൽ പൊതു അവധിയുള്ള കേരളത്തിൽ പുതിയതായി ഒരു പൊതു അവധിയും നൽകേണ്ടതില്ല എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

### (4) പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമം

ശ്രീ. ഷാഫി പറമ്പിൽ: കേരളത്തിൽ പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന

സാഹചര്യത്തിൽ ഐഡന്റിറ്റി വെളിപ്പെടുത്താത്ത പരാതികൾ ഉൾപ്പെടെ സ്വീകരിച്ച് ഇതിനെതിരെ ശക്തമായ പ്രവർത്തനം നടത്തുന്നതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിൽ പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം അതിക്രമങ്ങൾ സമൂഹത്തെ എത്രമാത്രം അധഃപതിപ്പിക്കുന്നു എന്നുള്ളത് ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും പീഡനത്തിന് വിധേയരാകുന്നവരെ സംരക്ഷിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (5) കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റും ട്രാഫിക് സിഗ്നൽ ലൈറ്റും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളിയിൽ ദേശീയപാത 47-ൽ ഒരു ട്രാഫിക് യൂണിറ്റും ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റും സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കരുനാഗപ്പള്ളി ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടി ജില്ലാ റോഡ് സേഫ്റ്റി അതോറിറ്റി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചാൽ മേൽ നടപടി സ്വീകരിക്കുന്നതാണ്. അവിടെ റോഡ് വൈഡനിംഗിനുവേണ്ടി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

## (6) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സർക്കാർ ഗ്രാന്റ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഗവൺമെന്റ് ധനം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്ന കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാരിന്റെ നിർദ്ദേശങ്ങൾ നിരാകരിക്കുകയും ഉത്തരവുകൾക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്ന നടപടി നീതീകരിക്കാൻ കഴിയുന്നതല്ല. 28-04-2012-ൽ ചേർന്ന വർക്കിംഗ്ഗ്രൂപ്പ് യോഗം അംഗീകരിച്ച പ്രകാരം പദ്ധതി പ്രവർത്തനങ്ങൾക്ക് 65 ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായും ഓർഗനൈസേഷൻ ഗ്രാന്റായും പദ്ധതിയേതര ഇനത്തിൽ 14.85 കോടി രൂപയും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (7) നാളികേര പാർക്ക്

ശ്രീമതി കെ.കെ. ലതിക: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കുറ്റ്യാടി നാളികേര പാർക്കിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രയോറിറ്റി കൊടുത്ത് നടപ്പാക്കുന്നതാണ്.

## (8) തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ ഡയറി സയൻസ് കോളേജ്

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ ഡയറി സയൻസ് കോളേജോ വെറ്ററിനറി കോളേജോ ആരംഭിക്കുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും കന്നുകാലികളെ പരിപാലിക്കുന്നതിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി ആവിഷ്കരിച്ചുവരുന്ന വികസന പദ്ധതികളിൽ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഏകദേശം 15 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ് ടെക്നോളജി സ്ഥാപിക്കുന്നതിന് 7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തീറ്റപ്പുൽ വികസന ഗവേഷണ കേന്ദ്രത്തിനും പ്രാദേശിക പൗൾട്രി ഫാമിനും പദ്ധതിയിട്ടിരിക്കുന്ന തിരുവിഴാംകുന്നിൽ പുതിയ ഡയറി സയൻസ് കോളേജിനായി നിലവിൽ പദ്ധതിയില്ല. എന്നാൽ ഉചിതമായ എല്ലാ സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങൾക്ക് ബി-ടെക് ഡയറി സയൻസ് ആന്റ് ടെക്നോളജി കോഴ്സ് നടത്താനുള്ള അഫിലിയേഷൻ നൽകുന്ന കാര്യം സർവ്വകലാശാല പരിഗണിച്ചുവരുന്നുണ്ട്. അതിൽ തിരുവിഴാംകുന്നിനും പരിഗണന നൽകുന്നതാണ്.

### (9) ടോറൻസ് ലൈസൻസ് നിരക്കുകൾ പരിഷ്കരിച്ച ഉത്തരവ് പിൻവലിക്കൽ

ശ്രീ. ജോസ് തെറ്റയിൽ : അങ്കമാലി നിയോജക മണ്ഡലത്തിൽ സർവ്വേ ഭൂരേഖാ വകുപ്പിന്റെ ടോറൻസ് ലൈസൻസ് നിരക്ക് പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ടോറൻസ് നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതുമൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇക്കാര്യം അടിയന്തിരമായി പുന:പരിശോധിക്കുന്നതിനും യുക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി റവന്യു വകുപ്പു സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മറ്റ് നടപടികളിലേയ്ക്ക് പോകുന്നതുമാണ്. റിപ്പോർട്ട് ലഭിക്കുന്നതുവരെ നേരത്തെ നിശ്ചയിച്ച ഫീസ് ഈടാക്കുന്നതാണ്.

### (10) വെള്ളിനേഴി കലാഗ്രാമമായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ.എസ്. സലീഖ : വിവിധങ്ങളായ എഴുപതോളം കലാ രൂപങ്ങൾകൊണ്ടും നിരവധി കലാകാരൻമാരെക്കൊണ്ടും സമ്പന്നമായ വെള്ളിനേഴിയെ കലാഗ്രാമമായി പ്രഖ്യാപിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : വിവിധ കലകളുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനും ഉതകുന്ന രീതിയിലും അവയുടെ പാരമ്പര്യത്തോട് നീതി പുലർത്തുന്ന രീതിയിലും വെള്ളിനേഴി ഗ്രാമത്തെ കലാ ഗ്രാമമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u>

(1) കാര്യവിവരപ്പട്ടികയിലെ 3(1) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

(2) ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u>

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

<u>റിപ്പോർട്ട് പരിഗണന</u>

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

<u>നിയമനിർമ്മാണകാര്യം</u>

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>:

(1) <u>2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u> : 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകെണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u> : 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : അമിത പലിശയ്ക്ക് പണം കടംവാങ്ങുന്നവർ കടക്കെണിയിലാകുകയും കടം കൊടുത്ത്തീർക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആത്മഹത്യയ്ക്ക് ഒരുമ്പെടുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം വളർന്നുവരുന്നതിനാൽ അതിനൊരു പരിഹാരം കാണേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. 1958-ലെ മണി ലെൻഡേഴ്സ് നിയമത്തിന്റെ പരിധിയിൽ കമ്പനികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, പബ്ലിക് സെക്ടർ എന്നിവ വരാത്തതിനാൽ രജിസ്റ്റർ ചെയ്യാതെതന്നെ മണി ലെൻഡേഴ്സ് സ്ഥാപനങ്ങൾ ബിസ്സിനസ്സ് നടത്തി അമിത പലിശ ഈടാക്കുകയാണ്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഒരു നിയമം അനിവാര്യമായതിനാലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീമതി കെ.കെ. ലതിക : I move that – “This House resolves to disapprove The Kerala Prohibition of Charging Exorbitant Interest Ordinance, 2012 (Ordinance No. 53 of 2012)”. കേരളത്തിൽ മണിലെന്റേഴ്സ് ആക്റ്റ് കൃത്യമായി പ്രാവർത്തികമാക്കിയാൽ അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന പ്രവർത്തനം നടത്തുന്നവരെ തടയാൻ കഴിയും. കടം വാങ്ങിയവർ കേസ്സിന് പോയാൽ കേസ് തോൽക്കാൻ തക്ക രീതിയിലാണ് കടം കൊടുക്കുന്നയാൾ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കി മണി ലെന്റേഴ്സിനെ നിയന്ത്രിക്കാനും ജനങ്ങളെ സംരക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. ഇന്ത്യൻ ചിട്ടി നിയമം ബാധകമല്ലാത്ത മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളാണ് കേരളത്തിൽ വായ്പ നൽകുന്നത്. ഈ നിയമം നിലവിൽ വന്നാലും ഇതിന്റെ പരിധിയിൽ നിന്ന് പുറത്തുപോകുന്ന വരെ പിടിക്കാനാവശ്യമായ വ്യവസ്ഥ ഈ നിയമത്തിലില്ല. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയേണ്ട പോലീസ് തന്നെ നിയമവിരുദ്ധ പ്രവർത്തന ങ്ങൾക്ക് കൂട്ടിനിൽക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. കേരള മണിലെന്റേഴ്സ് ആക്ട് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ മാത്രമേ ഇത്തരം പ്രവണതകളെ നിയന്ത്രണ വിധേയമാക്കാൻ കഴിയുകയുള്ളൂ. നിയമങ്ങൾ രാഷ്ടീയലാഭത്തിനുവേണ്ടി ഉപയോഗിക്കുന്ന സ്ഥിതിക്ക് മാറ്റം വരണം.

<u>ശ്രീ. കെ. ദാസൻ :</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബ്ലേഡ് മാഫിയകളെ കുറിച്ച് ഗുരുതരമായ റിപ്പോർട്ടുകൾ വന്നിട്ടുപോലും 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. അന്യസംസ്ഥാനക്കാർ ലൈൻസൻസില്ലാതെ പണം കടം കൊടു ക്കുന്ന ഏർപ്പാട് നിയന്ത്രണവിധേയമാക്കാൻ കഴിയണം. ഇത്തരക്കാരെ നിയന്ത്രിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണം. കാര്യക്ഷമമായ സംവിധാനത്തിന്റെ പോരായ്മയും നിയമം നടപ്പാക്കുന്നതിലുള്ള താല്പര്യ ക്കുറവുമാണ് പ്രശ്നങ്ങളുണ്ടാകാൻ ഇടയായിട്ടുള്ളത്. സഹകാരികളുടെ നിസ്വാർത്ഥമായ സേവനത്തിലൂടെ വളർന്നുവന്ന സഹകരണ ജനാധിപത്യ പ്രസ്ഥാനത്തെ പൂർണ്ണമായും അട്ടിമറിക്കുന്ന പ്രവർത്തനമാണ് ഈ

ഗവൺമെന്റ് സ്വീകരിക്കുന്നത്. കുടുംബശ്രീക്ക് ബദലായി വളർന്നുവന്നിട്ടുള്ള ജനശ്രീ പദ്ധതി മൈക്രോ ഫിനാൻസ് രജിസ്ട്രേഷൻ നടത്തിയത് രേഖകളിൽ കൃത്രിമം നടത്തിയാണെന്നും ഓഹരികൈമാറ്റ നിയമം ലംഘിച്ചുവെന്നുമുള്ള സാമ്പത്തിക കുറ്റങ്ങൾക്ക് കേസ് എടുക്കേണ്ടി വരുമെന്ന വാർത്തകൾ സംബന്ധിച്ച് അന്വേഷണം നടത്തണം. കേന്ദ്ര ഗവൺമെന്റ് കുടുംബശ്രീക്ക് നൽകിയിരുന്ന ബാങ്ക് ലിങ്കേജ് വർദ്ധിപ്പിച്ച നടപടി ശരിയല്ല. പലിശരഹിത വായ്പ നൽകുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകണം. ബ്ലേഡ് മാഫിയ സംഘങ്ങളെ സർക്കാർ നിയമം മൂലം നിയന്ത്രിക്കണം.

<u>ശ്രീ. എം. ഹംസ</u>: 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-01-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ബ്ലേഡ് മാഫിയകളുടെ കടന്നാക്രമങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി സഹകരണ പ്രസ്ഥാനത്തെയും കുടുംബശ്രീയേയും പബ്ലിക് സെക്ടർ കമ്പനികളെയും ഫലപ്രദമായി വിനിയോഗിക്കണം. ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചുരുങ്ങിയ പലിശയ്ക്ക് വായ്പ നൽകാൻ സഹകരണ പ്രസ്ഥാനം നടപടി സ്വീകരിച്ചിരുന്നു. ഈ സർക്കാർ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നടപടി

യാണ് സ്വീകരിക്കുന്നത്. കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കാനുള്ള നീക്കത്തെ കേന്ദ്രസർക്കാർ വിമർശിച്ച നടപടി അഭിനന്ദനാർഹമാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന കുടുംബശ്രീയെ ശക്തിപ്പെടുത്തു ന്നതോടൊപ്പം ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുകയും വേണം. കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ നയങ്ങളെ എതിർക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന മൈക്രോ ഫിനാൻസ് ബിൽ പാർലമെന്റിൽ പാസ്സായാൽ കെ.എസ്.എഫ്.ഇ. അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ തകരുമെന്ന വസ്തുത കാണാതിരിക്കരുത്. സഹകരണ സംഘങ്ങളുടെ ലാഭവിഹിതത്തിന് നികുതി ചുമത്തിയ നടപടി പിൻവലിക്കണം.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പണം കടം കൊടുക്കുന്നത് ക്രമീകരിക്കു ന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ബില്ലിലെ വ്യവസ്ഥകൾ സ്വാഗതാർഹ മാണ്. അമിത പലിശ ഈടാക്കുന്നവർക്ക് നിശ്ചയിച്ചിരിക്കുന്ന പിഴ വർദ്ധിപ്പി ക്കണം. അധമർണ്ണന് കോടതിയിൽ പോകാനുള്ള സ്വാതന്ത്ര്യം നൽകിയത് സ്വാഗതാർഹമാണ്. ഈ നിയമം സഹകരണ സ്ഥാപനങ്ങൾക്ക് എതിരാണെന്നും കുടുംബശ്രീയെ തകർക്കാനാണെന്നും പറയുന്നത് ശരിയല്ല. റിസർവ് ബാങ്കിന്റെയോ കേന്ദ്ര ഗവൺമെന്റിന്റെയോ ഇടപെടൽ ഇല്ലാതെ തന്നെ അമിത പലിശ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാ നങ്ങൾക്ക് നിയമം നിർമ്മിക്കാൻ കഴിയും. സ്വകാര്യ പണമിടപാട് സ്ഥാപന

ങ്ങളുടെ ചൂഷണം നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണത്തോടൊപ്പം ബോധവൽക്കരണംകൂടി നടത്തേണ്ടതുണ്ട്..

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാൻവേണ്ടിയുള്ള ബില്ലാണിത്. കൊമേഴ്സ്യൽ ബാങ്കുകളെ നിയന്ത്രിക്കാനുള്ള അവകാശം റിസർവ് ബാങ്കിന് മാത്രമാണുള്ളത്. ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു നിയമത്തെ നിരാകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം പ്രമേയം അവതരിപ്പിച്ചത് ഖേദകരമാണ്. മൂന്നാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ലൈസൻസില്ലാതെ പ്രവർത്തിക്കുകയോ അമിത പലിശ ഈടാക്കുകയോ ചെയ്താൽ മൂന്ന് വർഷംവരെ കഠിനതടവും അമ്പതിനായിരം രൂപ പിഴയുമാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മണി ലെന്റേഴ്സ് ആക്ട് ഫലപ്രദമല്ലാത്തതുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഒരാളെ ഭീഷണിപ്പെടുത്തി അമിത പലിശ ഈടാക്കിയാൽ അയാൾക്ക് കോടതിയെ സമീപിക്കാവുന്നതും അമിതമായി ഈടാക്കിയ പലിശ വായ്പയിൽ തട്ടിക്കിഴിച്ചുകൊണ്ട് റിലീഫ് കൊടുക്കാനും കഴിയുന്ന വ്യവസ്ഥകളടങ്ങിയ നിയമമാണിത്. അമിത പലിശ ഈടാക്കുന്ന 'യാതൊരാളെയും' ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി)</u>: 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

**ക്രമപ്രശ്നം**

**<u>ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത</u>**

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത് ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല എന്നാണ്. മുനിസിപ്പാലിറ്റിയുടെ ഫണ്ടുകൊണ്ടുമാത്രം പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ മാലിന്യസംസ്ക്കരണ പദ്ധതി വിജയിക്കുകയില്ല. അതിനാൽ സംസ്ഥാന സർക്കാർ ഇതിനാവശ്യമായ ഫണ്ട് കൊടുക്കാൻ നിർബന്ധിതമാകുന്നതോടൊപ്പം വിജ്ഞാപനം ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന്

കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതായും വരും. ഈ വസ്തുതകൾ മറച്ചുവച്ച് അപൂർണ്ണമായ ധനകാര്യമെമ്മോറാണ്ടത്തോടുകൂടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നതിനാൽ ബില്ലിന് അവതരണാനുമതി നൽകാൻ പാടില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഈ നിയമം നടപ്പിലാക്കുന്നതിന് മതിയായ ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ട്. സർക്കാർ നൽകുന്ന പ്ലാൻ ഫണ്ടിൽ നിന്നുതന്നെ അവർക്ക് ശമ്പളം നൽകുന്നതുകൊണ്ട് അഡീഷണലായി ചെലവുണ്ടാകുകയില്ല.

**റൂളിംഗ്**

മി. സ്പീക്കർ: പണചെലവ് അനുവദിക്കുന്ന വകുപ്പുകളോടുകൂടിയ ബില്ലിൽ ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കണമെന്നാണ് ചട്ടം 73 അനുശാസിക്കുന്നത്. എന്നാൽ നിലവിലുള്ള സംവിധാനമുപയോഗിച്ചുതന്നെ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാമെന്നും അതിനാൽ ഈ ബിൽ നിയമമാകുമ്പോൾ അധികചെലവ് ഉണ്ടാകാനിടയില്ലെന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉറപ്പും നൽകിയ വിശദീകരണവും തൃപ്തികരമായതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: കേരള മുനിസിപ്പാലിറ്റി ആക്ടിലെ 143 എ വകുപ്പുപ്രകാരം 1-ാം ഉപവകുപ്പിൽ ഒരു കൗൺസിലർ സ്ഥാനമേറ്റ തീയതി മുതൽ മൂന്ന് മാസത്തിനകം നിശ്ചിത ഫോറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റുമെന്റ് സർക്കാർ വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോമ്പീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വനിതാ സംവരണം 50 ശതമാനമാക്കിയശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പായതിനാലും വാർഡുകളിലെ വികസനപ്രവർത്തനങ്ങളിൽ കൗൺസിലർമാർ മുഴുകിയിരുന്നതിനാലും പ്രസ്തുത കാലാവധിക്കുള്ളിൽ സ്റ്റേറ്റ്മെന്റ് നൽകാൻ അവർക്ക് കഴിഞ്ഞില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ സ്റ്റേറ്റ്മെന്റ് നൽകാത്ത ജനപ്രതിനിധികൾ അയോഗ്യരാകുന്നത് ഒഴിവാക്കാനായി മൂന്ന് മാസത്തിനകം എന്ന സമയപരിധി പതിനഞ്ച് മാസമാക്കി നീട്ടിക്കൊണ്ട് പ്രസ്തുത വകുപ്പ് മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യുന്നതിനും മാലിന്യം ഉറവിടത്തിൽത്തന്നെ വേർതിരിക്കാതിരിക്കുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ നിയമം അവതരിപ്പിച്ചിട്ടുള്ളത്.

ഡോ. ടി.എം. തോമസ് ഐസക്: I move that: “ This House resolves to disapprove the Kerala Municipality (Amendment) Ordinance, 2012 (Ordinance No. 43 of 2012)” 1994ലെ നിയമത്തിൽ മാലിന്യം ശേഖരിക്കലും

ഒഴിവാക്കലുമെല്ലാം മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്വമായിരുന്നു. സ്രോതസ്സിൽ തന്നെ സംസ്കരണം, പ്ലാസ്റ്റിക് സംസ്കരണം എന്നിവയെക്കുറിച്ചുള്ള പരാമർശം മൂലനിയമത്തിൽ ഇല്ല. ഇന്ന് ജനങ്ങളുടെ ജീവിതരീതിയിലുള്ള മാറ്റവും നഗരവൽക്കരണവും കാരണം മാലിന്യപ്രശ്നം സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്നതിനാൽ ഒരു സമൂലമായ മാറ്റം അത്യന്താപേക്ഷിതമാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി മാലിന്യ പ്രതിസന്ധി പരിഹരിക്കുന്നതിന് അപര്യാപ്തമായതിനാലാണ് ഈ ഓർഡിനൻസ് നിരാകരിക്കണമെന്നുള്ള നിലപാട് സ്വീകരിക്കുന്നത്. മൂല നിയമത്തിലെന്നപോലെ വീടുകളെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതാണ് ഈ നിയമഭേദഗതിയിലെ ഏറ്റവും വലിയ പോരായ്മ. മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മാലിന്യം സോഴ്സിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നിയമഭേദഗതി ഉണ്ടാകണം. വികേന്ദ്രീകൃത സംസ്കരണം നടപ്പിലാക്കുന്നതിനുള്ള സമീപനം നിയമത്തിലുണ്ടെങ്കിലും സർക്കാരിന്റെ സമീപനം ഇതിന് കടകവിരുദ്ധമാണ്. കേന്ദ്രീകൃത സംസ്കരണത്തിനുവേണ്ടി കമ്പനികളുമായി എം.ഒ.യു. ഒപ്പ് വച്ചാൽ മിനിമം ക്വാണ്ടിറ്റി മാലിന്യം പോലും കൊടുക്കാൻ സാധിക്കുകയില്ല. വീടുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക, അംഗനവാടികളിലും കോളനികളിലും കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക തുടങ്ങിയ സംസ്കരണ രീതികൾ സ്വീകരിക്കണം. സംസ്ഥാന മാലിന്യത്തിന്റെ 80 ശതമാനവും ഓർഗാനിക് മാലിന്യമായതിനാൽ ഇവയുടെ നിർമ്മാർജ്ജനത്തിനായി ഓർഗാനിക് പ്രോസ്സസ്സ് അവലംബിക്കാവുന്നതാണ്. പൈറോലൈസിസ് മുഖേനയുള്ള വേസ്റ്റ് നിർമ്മാർജ്ജനത്തിലൂടെ ഉണ്ടാകുന്ന ടോക്സിക് വേസ്റ്റുകൾ എങ്ങനെ കൈകാര്യം ചെയ്യുമെന്നതിനെ

ക്കുറിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായി നിശ്ചിത മൈക്രോണിൽ താഴെയുള്ളവ നിരോധിക്കാൻ നടപടി സ്വീകരിക്കണം. പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണത്തിന് വാറ്റ് ഒഴിവാക്കി സർക്കാർ സഹായം നൽകണം. ബയോഗ്യാസ് പ്ലാന്റ് പ്രാവർത്തികമാക്കുന്നതിനായി ഒരു സർവ്വീസ് ടീമിനെ വയ്ക്കണമെന്നും വിൽക്കുന്നവർതന്നെ ബൾബുകളും ഈ-വേസ്റ്റുകളും തിരിച്ചു വാങ്ങണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുകയും അതു പ്രാവർത്തികമാക്കുകയും ചെയ്യണം. മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു നഗരത്തിന് ഒരു കേന്ദ്രീകൃത പ്ലാന്റ് ആവശ്യമാണ്. . അത്തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u> : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കൗൺസിലർമാർ അവരുടെ ഉത്തരവാദിത്തം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് മാസത്തിനകം അവരുടെയും കുടുംബാംഗങ്ങളുടേയും സ്വത്ത് വിവരത്തെ സംബന്ധിച്ച കണക്ക് കൊടുക്കണമെന്നുള്ളതാണ് വ്യവസ്ഥ. ഒന്നര വർഷമായിട്ടും അത് സമർപ്പിക്കാത്തതിനാൽ കൗൺസിലർ സ്ഥാനം നഷ്ടപ്പെടാനിടയുള്ളവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ മൂന്ന് മാസമെന്ന സമയപരിധി ആറ് മാസത്തിനപ്പുറം പോകേണ്ട കാര്യമില്ല. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കാൻ കഴിയില്ല. രണ്ടാമതായി മാലിന്യം അതിന്റെ ഉത്ഭവസ്ഥാനത്തുതന്നെ സംസ്കരിക്കുന്നതിനെക്കുറിച്ചാണ്. വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, മൂന്ന് നിലയിൽ കൂടുതലുള്ള വീടുകൾ എന്നിവയ്ക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമാക്കുന്നതിൽ

വേണ്ടത്ര വ്യക്തതയില്ല. വീടുകൾ മൂന്ന് നിലയിൽ കൂടുതലുള്ളത് എന്നത് ഒഴിവാക്കി വീടിന്റെ വിസ്തീർണ്ണം കണക്കിലെടുക്കുകയും ഇതിന്റെ പരിധിയിൽ ഭൂരിപക്ഷം വീടുകളും ഉൾപ്പെടുത്തുകയും ചെയ്യുന്ന തരത്തിൽ നിയമത്തിൽ ഭേദഗതി വരുത്തണം. സ്കൂളുകളിലും കോളേജുകളിലും മാലിന്യ സംസ്കരണ പ്ലാന്റ് അനിവാര്യമായതിനാൽ അത്തരം സ്ഥാപനങ്ങളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. ഓരോ മുനിസിപ്പൽ അതിർത്തികളിലെങ്കിലും പ്ലാസ്റ്റിക് പ്രത്യേകമായി റീസൈക്ലിംഗ് നടത്താനുള്ള സംവിധാനമുണ്ടാകണം. മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾക്ക് സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും അത് വയ്ക്കണമെന്ന നിബന്ധന കർക്കശമാക്കണം. ഈ രൂപത്തിലുള്ള വിശദമായ പരിശോധന ബില്ലിന്റെ രൂപീകരിണത്തിൽ ഉണ്ടായിട്ടില്ല. മാലിന്യ സംസ്കരണ രംഗത്ത് ഒരിഞ്ചു പോലും ഗവൺമെന്റിന് വിജയിക്കാൻ കഴിഞ്ഞിട്ടില്ല.

.

ശ്രീ. സി. പി മുഹമ്മദ് : 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ കോടിക്കണക്കിന് രൂപ മുടക്കി ഒട്ടനവധി മാലിന്യപ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ നല്ലൊരു പങ്കും പ്രവർത്തനക്ഷമമല്ല. നഗരമാലിന്യം മുഴുവൻ ഗ്രാമപ്രദേശങ്ങളിൽ കൊണ്ടുപോയി സംസ്കരണം നടത്തുമ്പോൾ ജനങ്ങൾ അതിനെ എതിർക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മാറി മാറി വന്ന ഗവൺമെന്റുകളുടേയും ഉത്തരവാദിത്വമില്ലായ്മമൂലം മാലിന്യ സംസ്ക്കരണം വേണ്ടവിധത്തിൽ നടക്കാത്തതുകൊണ്ടാണ്. ഈ സാഹചര്യത്തിൽ ഈ നിയമ ഭേദഗതി അത്യാവശ്യമാണ്. ഒരു നിശ്ചിത സ്ക്വയർ

ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണത്തിലുള്ള വീടുകളിൽ മാലിന്യ സംസ്കരണ പ്ലാന്റ്, സോളാർ യൂണിറ്റ്, മഴവെള്ള സംഭരണി എന്നിവ നിർബന്ധമായി നിർമ്മിക്കണമെന്ന് വ്യവസ്ഥ ചെയ്യണം. വ്യാപാര സ്ഥാപനങ്ങൾ, ൗൺ ഹാളുകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ അവരവർ തന്നെ സംസ്കരിക്കാൻ തയ്യാറല്ലെങ്കിൽ കർശന ശിക്ഷ നൽകാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് പ്രോത്സാഹനം നൽകണം. നഗരാസൂത്രണത്തിൽ മാലിന്യ പ്രശ്നത്തിന് അർഹിക്കുന്ന പരിഗണനന നൽകണം. നദികളിലും ജലാശയങ്ങളിലും കാളിഫോം ബാക്ടീരിയകൾ വർദ്ധിച്ചു വരുന്നത് തടയണം. സ്വകാര്യ ആശുപത്രികളിലെ യോമെഡിക്കൽ മാലിന്യങ്ങൾ നശിപ്പിക്കാൻ സംവിധാനമേർപ്പെടുത്തുകയും ഇൻസിനറേറ്റർ നിബ്ബന്ധമാക്കുകയും ചെയ്യണം. സംസ്ഥാനത്ത് സീറേ വേസ്റ്റ് സംവിധാനം കേരളത്തിൽ നടപ്പിലാക്കണം ഫ്ളാറ്റുകൾക്കും വലിയ കെട്ടിടങ്ങൾക്കും ഇൻസിനറേറ്റർ നിബ്ബന്ധമാക്കുകയും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന ശിക്ഷാ വ്യവസ്ഥകൾ നടപ്പിലാക്കുകയും വേണം. മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിക്കുന്നതിന് റസിഡൻഷ്യൽ അസോസ്സിയേഷനുകളുടെ സഹായം സ്വീകരിക്കാൻ തയ്യാറാകണം. ഈ ബില്ലിൽ സ്വത്ത് വിവരം വെളിപ്പെടുത്തുന്നതിന് കൗൺസിലർമാർക്ക് 15 മാസത്തെ അവധി നൽകുമെന്ന വ്യവസ്ഥയിലൂടെ അഴിമതി നടത്തുവാനുള്ള സാഹചര്യമാണ് ഒരുക്കുന്നതെന്ന പ്രതിപക്ഷ ആരോപണം ശരിയല്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വ്യക്തമായ വ്യവസ്ഥ കൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. മാലിന്യത്തെ നഗരമാലിന്യമെന്നും അല്ലാത്തവയെന്നും വിഭജിച്ച നടപടി ശരിയല്ല. മാലിന്യ സംസ്കരണം സംസ്ഥാന ഗവണ്മെന്റിന്റെ ബാദ്ധ്യതയാക്കാത്ത നടപടി അംഗീകരിക്കാ നാകില്ല. ആശുപത്രി അടക്കമുള്ള പൊതു സ്ഥാപനങ്ങളിലെ മലിന്യസംസ്ക രണത്തെക്കുറിച്ച് ഈ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല. ഉറവിടങ്ങളിൽ മാലിന്യം സംസ്കരിക്കുന്നവർക്ക് സബ്സിഡി നൽകുക, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക എന്നിവ സംബന്ധിച്ച് ഈ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കല്യാണമണ്ഡപം, അറവുശാല തുടങ്ങിയവയിലെ മാലിന്യം അവര വർതന്നെ നിർമ്മാർജ്ജനം ചെയ്യണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാ ക്കിയ ഒരു ബില്ലാണിത്. ഉത്ഭവ സ്ഥാനത്തുതന്നെ മാലിന്യം സംസ്ക്കരിക്കു ന്നതിനായി ആലപ്പുഴ ചേർത്തല ഭാഗങ്ങളിൽ രണ്ട് കോടി രൂപ ശുചിത്വമി ഷൻ വഴി കൊടുക്കാൻ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന് 7 കോടി രൂപ കൊടുത്തു. ഗവൺമെന്റ് കോർപ്പറേഷനോട് ഒരു ലക്ഷം പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടെങ്കിലും 36,000 പൈപ്പ് കമ്പോസ്റ്റ് മാത്രമേ അവർക്ക് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളു. മുമ്പ് ശുചിത്വ മിഷന് 4 കോടി രൂപയാണ് കൊടുത്തിരുന്നതെങ്കിൽ ഇപ്രാവശ്യം ബഡ്ജറ്റിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ രാഷ്ട്രീയ ഭേദമന്യേ എല്ലാവരും സഹകരിച്ച് മുന്നോട്ട് പോകണം. പുതിയ ടെക്നോളജിയനുസരിച്ചുള്ള പദ്ധതികൾക്ക് ഗവൺമെന്റ് പണം

ചെലവഴിക്കേണ്ടിവരുന്നില്ല. ഇത്ര വേസ്റ്റ് അവർക്ക് കൊടുക്കണമെന്ന വ്യവസ്ഥ മാത്രമാണുള്ളത്. ഓരോ സ്ഥലത്തും വളരെ കൃത്യമായി അതാത് സ്ഥലത്തെക്കുറിച്ചു പഠിച്ചുകൊണ്ട്, ജനറേറ്റ് ചെയ്യുന്ന വേസ്റ്റ് എത്രയാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. നൂറോളം സർവ്വീസ് പ്രൊവൈഡേഴ്സിനെ നിശ്ചയിച്ചിട്ടുണ്ട്. പല രീതിയിലുള്ള പദ്ധതി കളും അവരുടെ കൈയിലുണ്ട്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ സർവ്വീസ് പ്രൊവൈഡേഴ്സിന്റെ സർവ്വീസ് ലഭ്യമാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

നിരാകരണപ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലി ക്കുകയോ ചെയ്തു.

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX --ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.37 ന് പിരിഞ്ഞു.

*********